**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 683** **02-02-2023 - ൽ മറുപടിയ്ക്ക്**

**കേന്ദ്ര വൈദ്യുതി ഭേദഗതി ചട്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ വൈദ്യുതി നിയമ ഭേദഗതി ചട്ടം 2022 പ്രകാരം സംസ്ഥാനങ്ങളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെ മാസം തോറും വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനെതിരെ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | നിയമപരമായി പരിശോധിച്ച് ഉചിത തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത കേന്ദ്ര വിജ്ഞാപനം വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ അധികാരത്തെ അസ്ഥിരപ്പെടുത്തുന്നതാണോ; വിശദമാക്കാമോ? | (ബി) | കമ്മീഷന്റെ അധികാരത്തെ അസ്ഥിരപ്പെടുത്തുന്നതല്ലെങ്കിലും പരിമിതപ്പെടുത്തുന്നതാണ്. വൈദ്യുതി (ഭേദഗതി) റൂൾസ് 2022 പ്രസിദ്ധീകരിച്ച് 90 ദിവസത്തിനുള്ളിൽ സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വില ക്രമീകരണ ഫോർമുല (Fuel and Power purchase Adjustment Surcharge Formula (FPPAS)) വ്യക്തമാക്കേണ്ടതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിർദേശിക്കുന്ന ഫോർമുല പ്രകാരമാണ് Fuel and Power purchase Adjustment Surcharge Formula (FPPAS) കണക്കാക്കേണ്ടത് എന്ന് റൂൾസ് അനുശാസിക്കുന്നു. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പ്രസ്തുത Fuel and Power purchase Adjustment Surcharge നിർണ്ണയിക്കുന്നത് വരെ വൈദ്യുതി (ഭേദഗതി) നിയമത്തിന്റെ അനുബന്ധമായി കൂട്ടിച്ചേർത്ത ഷെഡ്യൂൾ-IIൽ വ്യക്തമാക്കിയിട്ടുള്ള methodology യും ഫോർമുലയും ബാധകമാക്കേണ്ടതാണ്. അതുപോലെ തന്നെ സാമ്പത്തിക വർഷം കഴിയുമ്പോൾ ജൂൺ 30 നു മുമ്പായി പ്രസ്തുത Fuel and Power purchase Adjustment Surcharge Formula (FPPAS) സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ ട്രൂ-അപ്പിലൂടെ കണക്കുകൾ പരിശോധിച്ച് തീർപ്പാക്കേണ്ടതാണ്. അതായത് വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമാണ്. ട്രൂ അപ്പ് പ്രക്രിയ സമയത്ത് |

| | | | |
|---|---|---|---|
| | | | ഏതെങ്കിലും കാരണത്താൽ വിതരണ കമ്പനികൾ Fuel and Power purchase Adjustment Surcharge Formula (FPPAS) അധികമായി ഈടാക്കിയെന്നു ശ്രദ്ധയിൽപ്പെട്ടാൽ കമ്മീഷൻ വിതരണ കമ്പനികൾക്ക് carrying cost-ന് അനുവദിക്കുന്ന പലിശയുടെ 1.2 മടങ്ങ് പലിശയോടെ പ്രസ്തുത തുക വിതരണ കമ്പനികളിൽ നിന്നും ഈടാക്കി ഉപഭോക്താക്കൾക്ക് തിരിച്ചു നൽകേണ്ടതാണ്. Fuel and Power purchase Adjustment Surcharge Formula യും methodology യും കമ്മീഷൻ നിർദ്ദേശിക്കുന്ന പ്രകാരമായതിനാലും വാർഷികമായി പ്രസ്തുത കണക്കുകൾ പരിശോധിച്ച് നിജപ്പെടുത്തുന്നതിനുള്ള അധികാരവും കമ്മീഷനിൽ നിക്ഷിപ്തമായതിനാലും റെഗുലേറ്ററി കമ്മീഷന്റെ അധികാരം അസ്ഥിരപ്പെടുത്തുന്നതാണെന്ന് കരുതാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ